File No.LSGD-DB1/321/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിയമനം സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ജില്ലാ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന മൾട്ടി ടാസ്ക് പേഴ്സൺ (എം.ടി.പി)മാരെ ദിവസവേതനടിസ്ഥാനത്തിൽ തുടരുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പ്

സ.ഉ.(സാധാ) നം.2546/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/12/2021

പരാമർശം:-

1. സ.ഉ (എം.എസ്) നം. 161/2017/ത.സ്വ.ഭ.വ, തീയതി 18.08.2017
2. സ.ഉ (സാധാ) നം. 2156/2020/ത.സ്വ.ഭ.വ, തീയതി 16.11.2020
3. സ.ഉ (സാധാ) നം. 485 /2021/ത.സ്വ.ഭ.വ, തീയതി 18.02.2021
4. സ.ഉ (പി) 10/2021/പി & ഇ.എ, തീയതി 01.08.2021
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/12/2021 തീയതിയിലെ എൽ.എം.4/10/2017/ലൈഫ് /ഡിസ്ട്രിക്ട് നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷനു കീഴിൽ വിവിധ ജില്ലകളിൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൾട്ടി ടാസ്ക് പേഴ്സൺ (എം.ടി.പി)മാരായി കരാർ അടിസ്ഥാനതിൽ നിയമിതരായ ജീവനക്കാരുടെ കരാർ കാലാവധി പരാമർശം 2,3 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ച് നൽകുകയുണ്ടായി. പരാമർശം (4) പ്രകാരം, നിലവിലുള്ള 4 മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമ്മാണ പദ്ധതിയെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി - II രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലകളിലെ ലൈഫ് പാർപ്പിട പദ്ധതിയുമായും ലൈഫ് 2020 പുതിയ അപേക്ഷകളുടെ പരിശോധനയുമായും ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിന് ജില്ലാ ഓഫീസുകളിൽ എം.ടി.പി മാരുടെ സേവനം അനിവാര്യമാണെന്നും ആയതിനാൽ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിയമനം സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന എം.ടി.പിമാരെ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിനുള്ള അനുമതി നൽകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലൈഫ് മിഷൻ ജില്ലാ ഓഫീസുകളിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ചുവടെ ചേർത്തിരിക്കുന്ന മൾട്ടി ടാസ്ക് പേഴ്സൺ (എം.ടി.പി)മാരെ അവരുടെ കരാർ കാലാവധി അവസാനിക്കുന്ന തീയതി മുതൽ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിയമനം സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ദിവസവേതന ജീവനക്കാരുടെ നിയമനവും വേതനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ

File No.LSGD-DB1/321/2021-LSGD

നിബന്ധനകൾക്ക് വിധേയമായും പ്രസ്തുത ജീവനക്കാർക്ക് റഗുലറൈസേഷൻ/സ്ഥിരപ്പെടുത്തുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയോടെയും മേൽ ജീവനക്കാരുടെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് ഒരു ദിവസത്തെ ഇടവേള നല്കി ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

ക്രമ നം	പേര്	തസ്തിക	ജില്ല	കരാർ കാലാവധി അവസാനിക്കുന്ന തീയതി
1	ശ്രീമതി. അശ്വതി ചന്ദ്രൻ	എം.ടി.പി	തിരുവനന്തപുരം	11/12/2021
2	ശ്രീമതി. രമ്യ ആർ. കൃഷ്ണ	എം.ടി.പി	കൊല്ലം	06/12/2021
3	ശ്രീമതി. പ്രവീണ കെ.കെ.	എം.ടി.പി	പത്തനംതിട്ട	06/12/2021
4	ശ്രീമതി. പ്രീതി പി കുമാർ	എം.ടി.പി	ആലപ്പുഴ	06/12/2021
5	ശ്രീമതി വിനോദിനി കെ.ടി.	എം.ടി.പി	കോട്ടയം	04/03/2022
6	ശ്രീമതി. ജോഷിത പി.എൻ.	എം.ടി.പി	ഇടുക്കി	10/12/2021
7	ശ്രീമതി. രഞ്ജിനി ആർ.	എം.ടി.പി	എറണാകുളം	05/12/2021
8	ശ്രീമതി. സിന്ധു വി.ആർ.	എം.ടി.പി	തൃശ്ശൂർ	14/12/2021
9	ശ്രീ. ഇൻസമാമുൽ ഹക്ക് എം.എസ്.	എം.ടി.പി	പാലക്കാട്	10/12/2021
10	ശ്രീമതി. സുമിത എം.എം.	എം.ടി.പി	വയനാട്	06/12/2021
11	ശ്രീമതി. അമ്പിളിയമ്മ ഡി.	എം.ടി.പി	കണ്ണൂർ	10/12/2021

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

File No.LSGD-DB1/321/2021-LSGD

ഉത്തരവിൻ പ്രകാരം

Reem

സെക്ഷൻ ഓഫീസർ